പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 858 13/06/2012-ൽ മറുപടിക്ക്

## ആദിവാസി വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

ചോദ്യം | മറുപടി

ശ്രീ.റ്റി.യു.കുരുവിള : കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്ക് (പട്ടികവർഗ്ഗം) സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; അവ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സർക്കാർ നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുബന്ധം 1-ആയും ചികിൽസാ ആനുകൂല്യങ്ങൾ അനുബന്ധം-2 ആയും ഇതോടൊപ്പം ചേർക്കുന്നു.<br>മറ്റ് പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. ഫുഡ് സപ്പോർട്ട് പ്രോഗ്രാം.<br>2. കുടിവെള്ള പദ്ധതി<br>3. വൈദ്യുതീകരണം<br>4. റോഡ് നിർമ്മാണവും അടിസ്ഥാന സൗകര്യ വികസനവും.<br>5. ആരോഗ്യ സംരക്ഷണ പാക്കേജ്.<br>6. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ.<br>7. മോഡൽ/ആശ്രമ/ഏകലവ്യ റസിഡൻഷ്യൽ സ്ക്കൂളുകൾ.<br>8. മാനന്തവാടി, ഇടുക്കി, അട്ടപ്പാടി എന്നിവിടങ്ങളിലെ ഹെൽത്ത് പ്രോജക്റ്റ്.<br>9. വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ. |

| | | | |
|---|---|---|---|
| | | | 10. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം .<br>11. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ പ്രത്യേക പദ്ധതികൾ.<br>12. ഭവന നിർമ്മാണ പദ്ധതികൾ.<br>13. ഭൂരഹിതരായ ആദിവാസികളുടെ പുനരുദ്ധാരണം.<br>14. വനത്തിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനം.<br>15. ജീവനോപാധി പ്രവർത്തനങ്ങൾക്ക് സഹായം. |
| (ബി) | ഏതെല്ലാം രീതികളിലാണ് ആദിവാസികൾക്ക് വിവിധ സഹായങ്ങൾ നൽകുന്നത്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പട്ടികവർഗ്ഗ വകുപ്പു മുഖേനയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയും പട്ടികവർഗ്ഗക്കാർക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നു.<br>പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പട്ടികവർഗ്ഗ ഉപപദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്തുകൾവഴിയാണ് നടപ്പാക്കിവരുന്നത്. വകുപ്പിന്റെ വിവിധ പദ്ധതികൾ ഊരുക്കൂട്ടങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കുകയും ജില്ലാതല കർമ്മസമിതിയുടെ അംഗീകാരത്തോടെ അതാത് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരാണ് നടപ്പാക്കുന്നത്. ബൃഹത്തായ പദ്ധതികൾ ജില്ലാതല കർമ്മ സമിതി അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കുകയുമാണ് ചെയ്യുന്നത്.<br>പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ കാര്യത്തിൽ ഊരുക്കൂട്ടങ്ങൾക്ക് പുറമേ ഗ്രാമ ബ്ലോക്ക്-ജില്ലാതലങ്ങളിലായി സെമിനാറുകളും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും നടത്തി പദ്ധതികൾക്ക് അന്തിമ രൂപം നല്കുകയും, ജില്ലാ |

| | | | |
|---|---|---|---|
| | | | ആസൂത്രണ സമിതി അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതികൾ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാർ മുഖേനെ നടപ്പാക്കുകയുമാണ് ചെയ്യുന്നത്. |
| (സി) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന സഹായങ്ങളുടെ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായം/വിവാഹ ധനസഹായം എന്നിവ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്